ലഭ്യമല്ലാതായിരുന്നു. തൽഫലമായി പ്രാദേശിക വ്യവസായ യൂണിറ്റുകൾക്ക് ന്യായവിലയ്ക്ക് ആവശ്യമുള്ള അളവിൽ തടി കിട്ടാതിരുന്ന സാഹചര്യത്തിൽ അവശ്യസാധനങ്ങളുടെ ലഭ്യത സംസ്ഥാനത്തിലെ വ്യവസായത്തിന് ഉറപ്പു വരുത്തുന്നതിന് വേണ്ടി ഈ ഇനത്തിൽപ്പെട്ട തടിയും വിറകും 1986 - ലെ കേരള അവശ്യസാധന നിയന്ത്രണത്തിൻകീഴിൽ അവശ്യസാധനങ്ങളായി പ്രഖ്യാപിക്കേണ്ടത് ആവശ്യമായി തീർന്നതിനാലാണ് അവയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തിയത്.

(സി) റബ്ബർ തടിയ്ക്ക് ന്യായമായവില ലഭിക്കുന്നില്ലയെന്നുള്ള കർഷകരുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) നിയന്ത്രണം നീക്കം ചെയ്യുവാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല.

പെരുവ ആദിവാസി കോളനി വൈദ്യുതീകരിക്കുന്നതിന് നടപടി

39 (3571) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളയാട് പഞ്ചായത്തിലെ പെരുവ ആദിവാസി കോളനി വൈദ്യുതീകരിയ്ക്കുന്നതിന് വനംവകുപ്പിൽ നിന്നുള്ള തടസ്സം ഒഴിവാക്കികൊടുക്കണമെന്ന നാട്ടുകാരുടെ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) കോളയാട് പഞ്ചായത്തിലെ പെരുവ ആദിവാസി കോളനിയിലെ കടൽക്കണ്ടം പാലം നിർമ്മിക്കുന്നതിനുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പാലം നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വനത്തിനുള്ളിൽ കൂടി വൈദ്യുതി ലൈൻ വലിക്കുന്നതിനും മരങ്ങൾ മുറിച്ചു മാറ്റുന്നതിനും 1980-ലെ കേന്ദ്ര വനസംരക്ഷണ നിയമത്തിലെ സെക്ഷൻ 2 അനുസരിച്ച് കേന്ദ്ര സർക്കാരിന്റെ അനുവാദം ആവശ്യമാണ്. അനുവാദം ലഭിക്കുന്നതിനാവശ്യമായ പ്രഫോർമ വിവരങ്ങൾ നൽകണമെന്ന് ഉപഭോക്തൃ ഏജൻസിയായ കോളയാട് പഞ്ചായത്ത് പ്രസിഡന്റിനോട് ആവശ്യപ്പെടുകയും വിവരം കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) അപേക്ഷ ലഭിച്ചതായി കാണുന്നില്ല.

ഫോറസ്റ്റ് അക്കാഡമി

40 (3572) ശ്രീ. തമ്പാനൂർ രവി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly